IV. സബ്മിഷൻ

(1) തൃശ്ശൂരിലെ ജവഹർ ബാലഭവന്റെ ശോച്യാവസ്ഥ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, നമ്മുടെ നാട്ടിൽ സർക്കാർ ഏറ്റെടുക്കുന്ന പല സ്മാരകങ്ങളുടേയും മഹാന്മാരുടെ പേരിൽ ആരംഭിക്കുന്ന പല സ്ഥാപനങ്ങളുടെയും സ്ഥിതി വളരെ ശോചനീയമാണ്. അതിനു മകുടോദാഹരണമാണ് തൃശ്ശിവപേരൂരിലെ ജവഹർ ബാലഭവൻ. യശശ്ശരീരനായ കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്, ആർ. കൃഷ്ണൻ കുട്ടിനായർ തുടങ്ങിയ സ്വാതന്ത്ര്യസമര സേനാനികളുടെ നേതൃത്വത്തിൽ രൂപകല്പന നടത്തിയ ഈ മഹത്സ്ഥാപനം സ്വാഭാവികമായും പൊതുജനങ്ങളിൽ പൊതുവേയും കുട്ടികളിൽ പ്രത്യേകിച്ചും വളരെയേറെ പ്രതീക്ഷകളുണർത്തുകയുണ്ടായി. സംകൂം വിദ്യാർത്ഥികളടക്കം എല്ലാ വിഭാഗത്തിൽപ്പെട്ട പൊതുജനങ്ങളും ഈ സംരംഭത്തിനു സംഭാവനകളും നൽകി. അക്കാലത്ത് തൃശ്ശൂരിൽ വച്ചുനടത്തിയ താരനിശയുടെ ഒരു വിഹിതവും ഇതിനുവേണ്ടി നീക്കിവച്ചുവെന്നാണറിയുന്നത്. കേരളാസ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഇതിന്റെ നിർമ്മാണപ്രവർത്തനം ഏറ്റെടുത്ത് ഒരുഘട്ടംവരെ പൂർത്തീകരിച്ചു. പക്ഷേ പണം ലഭിക്കാത്തതുമൂലം പണി നിർത്തിയെന്നു മാത്രമല്ല, മഹത്തായ ഈ സ്മാരക സ്ഥാപനം കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ഗോഡൗൺ എന്ന നിലക്ക് ഉപയോഗിച്ചു വരികയുമാണ്. ഈ ദുഃസ്ഥിതിക്ക് അടിയന്തിരമായി പരിഹാരം കണ്ടെത്തുന്നതിന് സാംസ്കാരിക വകുപ്പിന്റെകൂടി ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉടൻതന്നെ ബന്ധപ്പെട്ടവരുടെ കോൺഫ്രൻസ് വിളിച്ചുകൂട്ടി ഇന്നത്തെ സ്ഥിതിനാവസ്ഥ അവസാനിപ്പിക്കാൻ മുൻകയ്യെടുക്കണം. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിന്റെ ഹൃദയഭാഗത്ത് ഭാർഗ്ഗവീനിലയംപോലെ അനാഥമായി നിൽക്കുന്ന പണിതീരാത്ത വീടിന് ഉടനടി ശാപമോക്ഷംനൽകി ലോകത്തെമ്പാടുമുള്ള കുട്ടികളുടെ പ്രിയങ്കരനായ ചാച്ചാനെഹ്റുവിന്റെ പാവന നാമധേയത്തിലുള്ള ഈ സ്മാരക സ്ഥാപനം ആവുംവേഗം യാഥാർത്ഥ്യമാക്കാനുള്ള സത്വര നടപടികളും കൈക്കൊള്ളണമെന്ന് ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, പതിമൂന്നുകൊല്ലങ്ങൾക്കുമുമ്പ് തൃശ്ശൂരിൽ രൂപീകരിച്ച ജവഹർ ബാലഭവന്റെ ചുമതല ഏറ്റെടുത്തിരുന്നത് അവിടത്തെ ലോക്കൽ കമ്മിറ്റിയാണ്. കളക്ടറാണ് അതിന്റെ ചെയർമാൻ. രണ്ടുലക്ഷത്തി എൺപത്തയ്യായിരം രൂപ ചെലവ് ചെയ്ത് അതിന്റെ പണി ആരംഭിച്ചു. പക്ഷേ അതിന്റെ വർക്ക് പൂർത്തിയാക്കാൻ സാധിച്ചില്ല. അവസാനം അതിന്റെ പണി പൂർത്തിയാക്കാൻ വേണ്ടി കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചു. അവർ ഭാഗികമായി പൂർത്തിയാക്കി. ഭാഗികമായി പൂർത്തിയായപ്പോൾ അവർക്ക് ഏതാണ്ട് നാലേമുക്കാൽ ലക്ഷം രൂപ കൊടുക്കേണ്ടതായിട്ടുണ്ട്. ആ പണം കൊടുക്കാൻ ഈ കമ്മിറ്റിക്ക് സാധിക്കാതെ വന്നതിന്റെ ഫലമായിട്ട് തൽക്കാലം അവർ അത് ഓക്കുപൈ ചെയ്തിരിക്കുകയാണ്. ഇതിന്റെ ബാക്കി ഭാഗം ജോലി പൂർത്തിയാക്കണമെങ്കിൽ മറ്റൊരു 7 ലക്ഷംരൂപകൂടി വേണം. ഇത്രയും തുക ചെലവഴിക്കാൻ കമ്മിറ്റിക്ക് കഴിയാതിരിക്കുകയാണ്. ഇതിനിടയിൽ കൗൺസിൽ ഇടപെട്ട് അവർ ഇത് ഏറ്റെടുക്കാമെന്നു പറഞ്ഞു. പക്ഷേ ബാലഭവൻ രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അതിന്റെ തത്വത്തിന് വിപരീതമായിപ്പോകുമെന്നുള്ളതുകൊണ്ട് അത്

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കാൻ നിവർത്തിയില്ലാത്ത ഒരു സാഹചര്യമാണ്. ഏതായാലും ഇന്നത്തെ നിലക്ക് ഈ കമ്മിറ്റിക്ക് മുഴുവൻ സംഖ്യയും പിരിച്ചുകൊണ്ട് ഇത് നിലനിർത്താൻ സാധിക്കുമോ എന്നുള്ള കാര്യത്തിൽ ഉറപ്പായിട്ടില്ല. എങ്കിലും കളക്ടർ ഇക്കാര്യത്തിൽ പണം കണ്ടെത്താനുള്ള ശ്രമത്തിലാണ്. അദ്ദേഹത്തിന്റെ ശ്രമം വിജയിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും അതിന് ബഹുമാനപ്പെട്ട മെമ്പറും നമ്മളുമെല്ലാം ഉൽസാഹിച്ച് ആവശ്യമായ പണം കണ്ടെത്തുകയും ചെയ്യണം. ഗവൺമെന്റിന് അത് ഏറ്റെടുക്കാനാവശ്യമായ സാമ്പത്തിക സ്ഥിതിയില്ല.

(2) വാമനപുരത്ത് കോട്ടുകുന്നം കൊടിയിൽ വീട്ടിൽ ഇന്ദിരയുടെ കൊലപാതകം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, വാമനപുരത്ത് കോട്ടുകുന്നം കൊടിയിൽ വീട്ടിൽ കുട്ടന്റെ മകൾ 26 വയസ്സുള്ള സുന്ദരിയായ ഇന്ദിരയെ 1986 ജൂൺ 14-ന് പുളിമാത്തു വില്ലേജിൽ പേടിക്കുളത്തെ റെക്സ് ഹൗസിൽ സോമന്റെ മകൻ ലക്കിസോമൻ കല്ല്യാണം കഴിച്ചു. ലക്കിസോമൻ ഒരു മന്ദബുദ്ധിയാണ്. പണക്കാരനായതുകൊണ്ടുമാത്രമാണ് പാവപ്പെട്ട ഇന്ദിരയെ മന്ദബുദ്ധിയാണെങ്കിൽകൂടി ലക്കിസോമന് കല്ല്യാണം കഴിക്കാൻ കഴിഞ്ഞത്. 1986 ജൂലൈ 8-ാം തിയ്യതി രാവിലെ ഇന്ദിര, ഭർത്താവും ഭാര്യയും ഉറങ്ങിക്കിടക്കുന്ന അതേ മുറിയുടെ ജനലിൽ കെട്ടിത്തൂങ്ങിക്കിടക്കുന്നതാണ് കണ്ടത്. സർ, ഒറ്റനോട്ടത്തിൽ ഇതൊരു കൊലപാതകമാണെന്ന് ആർക്കും മനസ്സിലാകും. സ്ഥലത്തുവന്ന പോലീസിന് സംശയം തോന്നിയതുകൊണ്ട് ആർ.ഡി.ഒ. ഉൾപ്പെടെയുള്ളവരുടെ സാന്നിദ്ധ്യത്തിലാണ് പോസ്റ്റുമോർട്ടം നടത്തിയത്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ഇതൊരു കൊലപാതകമാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതുപോലെതന്നെ 302-ാം വകുപ്പനുസരിച്ച് കേസ്സെടുക്കണം. കൊലയാളിയെ ഇതുവരെ അറസ്റ്റു ചെയ്തിട്ടില്ല. ഈ കൊലപാതകം ചെയ്തത് ലക്കിസോമന്റെ അനുജൻ ജോയി സോമനാണ്. ജോയി സോമൻ ഇന്ദിരയെ ബലാൽക്കാരം ചെയ്യാൻ ശ്രമിക്കുകയും അതിനുവഴിപ്പെടാത്തതുകൊണ്ട് ബലപ്രയോഗത്തിൽ ഇന്ദിര മരിക്കുകയുമാണ് ചെയ്തത് എന്നാണ് ആ സ്ഥലത്തെ മുഴുവൻ ആളുകളും സംശയിക്കുന്നത്. ഇന്ദിര എന്റെ നിയോജകമണ്ഡലത്തിലും ലക്കിസോമൻ ശ്രീമതി. ഭാർഗ്ഗവി തങ്കപ്പന്റെ നിയോജകമണ്ഡലത്തിലുമാണ്. ഞങ്ങൾ രണ്ടുപേരും അവിടെപോയി. ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടു അതൊരു കൊലപാതകമാണെന്ന്. അവിടെ ആളുകൾ മുഴുവൻ ഇളകിയിരിക്കുകയാണ്. ഈ കൊലപാതകിയെ അറസ്റ്റുചെയ്യാൻ യാതൊരു നടപടിയും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിൽ ഇടപ്പെടണം. കൊലപാതകിയെ ഉടൻ അറസ്റ്റുചെയ്യാൻ എന്താണ് തടസ്സം? തടസ്സമുണ്ടെങ്കിൽ ആ തടസ്സം നീക്കി കൊലപാതകിയെ അറസ്റ്റു ചെയ്ത് ഇതേപ്പറ്റി ക്രൈംബ്രാഞ്ചിനെകൊണ്ട് അന്വേഷിപ്പിച്ച് അതിന്റെ സത്യാവസ്ഥ വെളിച്ചത്തുകൊണ്ടുവന്ന് കുറ്റക്കാരെ ശിക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ സംഭവത്തിൽ സോമന്റെ സാമ്പത്തിക സൗകര്യം കണക്കാക്കിയാണ് കല്ല്യാണം കഴിച്ചുകൊടുത്തിട്ടുള്ളതെന്നാണ് മനസ്സിലാക്കുന്നത്. രണ്ടാഴ്ചയ്ക്കുള്ളിൽ തന്നെ അവരുടെ ദാമ്പത്യ ജീവിതം വളരെയധികം ദുഃഖകരമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly